# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4881** **22.05.2017-ൽ മറുപടിയ്ക്ക്**

## വൈക്കം മുറിഞ്ഞപുഴ പാലത്തിൽ ടോൾ പിരിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി സി.കെ. ആശ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | വൈക്കം നിയോജക മണ്ഡലത്തിൽ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ടോൾപിരിവ് നിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ ബൂത്തിൽ നിന്നും ഇതിനകം എത്ര രൂപ ചുങ്കമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ടോൾ തുടങ്ങിയ തീയതിയായ 15.01.2011 മുതൽ 15.05.2017 വരെ 1,28,21,597/- രൂപ ചുങ്കമായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |
| (സി) | ഏത് ഉത്തരവിൻ പ്രകാരമാണ് മുറിഞ്ഞപുഴ പാലത്തിൽ ടോൾ ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (സി) | ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ 811/എച്ച്2/11/PWD തീയതി 12.01.2011 പ്രകാരമാണ് മുറിഞ്ഞപുഴ പാലത്തിന് 15.01.2011 മുതൽ ടോൾപിരിവ് ഏർപ്പെടുത്തിയത്. |
| (ഡി) | വൈക്കം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | വൈക്കം നിയോജക മണ്ഡലത്തിൽ മുറിഞ്ഞപുഴ - ചെമ്പുവാലേൽ പാലം എന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**